**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 604** **09.07.2014 ലെ മറുപടിയ്ക്ക്**

**ലോട്ടറി ചൂതാട്ടം**

| ചോദ്യം | മറുപടി |
|---|---|
| ഡോ. ടി. എം. തോമസ് ഐസക് :<br>ശ്രീ. ബി. ഡി. ദേവസ്സി :<br>ശ്രീ. ബാബു എം. പാലിശ്ശേരി :<br>ശ്രീമതി. കെ. കെ. ലതിക : | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന ലോട്ടറിയെ ചൂതാട്ടത്തിനായി ഉപയോഗപ്പെടുത്തുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(ബി) സംസ്ഥാന ലോട്ടറിയെ ഇത്തരത്തിൽ ഉപയോഗപ്പെടുത്തുന്നത് സംസ്ഥാന ലോട്ടറിയെ തകർക്കുന്നതിനുള്ള ഗൂഢ നീക്കത്തിന്റെ ഭാഗമാണെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ; | (എ) & (ബി) സംസ്ഥാന ലോട്ടറിയുടെ സമ്മാനാർഹമാകുന്ന നമ്പരുകളുടെ അവസാന അക്കങ്ങളെ അടിസ്ഥാനമാക്കി ഒറ്റയക്ക, രണ്ടക്ക, മൂന്നക്ക എഴുത്ത് ലോട്ടറികൾ സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ പ്രചാരത്തിലുള്ളതായി ചില ഒറ്റപ്പെട്ട വാർത്തകളും പരാതികളും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. പ്രസ്തുത പരാതികൾ തുടർനടപടികൾക്കായി സംസ്ഥാന തല മോണിറ്ററിംഗ് സെല്ലിന് കൈമാറുകയും കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരികയും ചെയ്യുന്നു. ചൂതാട്ട ലോട്ടറി പോലെയുള്ള പ്രവണതകൾ തടയാൻ സർക്കാർ ഫലപ്രദമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഒറ്റ നമ്പർ ലോട്ടറികൾ, എഴുത്ത് ലോട്ടറികൾ, നിയമവിരുദ്ധ അന്യസംസ്ഥാന ലോട്ടറികൾ എന്നിവയുടെ അനധികൃത വില്പന തടയുന്നതിനായി എ.ഡി.ജി.പി തലവനായ |

സംസ്ഥാനതല മോണിറ്ററിംഗ് സെല്ലും ജില്ലാ കളക്ടർ തലവനായ ജില്ലാതല മോണിറ്ററിംഗ് സെല്ലും സംസ്ഥാന-ജില്ലാതല യോഗങ്ങൾ ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു. അനധികൃത ലോട്ടറി വില്പന നടത്തുന്ന കേരള ഭാഗ്യക്കുറി ഏജന്റുമാരുടെ ഏജൻസി റദ്ദു ചെയ്യുന്നത് ഉൾപ്പെടെയുള്ള വകുപ്പുതല നടപടികളും കൈക്കൊണ്ടുവരുന്നുണ്ട്.

മേൽ പരാമർശിച്ച രീതിയിലുള്ള ലോട്ടറി ചൂതാട്ടം ചിലർക്ക് അമിത സാമ്പത്തിക ലാഭം ഉണ്ടാക്കുക എന്ന ഉദ്ദേശ്യത്തിൽ കവിഞ്ഞ് സംസ്ഥാന ലോട്ടറിയെ തകർക്കുന്നതിനുള്ള ഗൂഢനീക്കത്തിന്റെ ഭാഗമാണെന്ന ആക്ഷേപത്തിന് ഉപോത്ബലകമായ തെളിവുകൾ ലഭിച്ചിട്ടില്ല. മാത്രമല്ല ഇത്തരം പ്രവർത്തനങ്ങൾമൂലം സംസ്ഥാന ഭാഗ്യക്കുറിയുടെ വിശ്വാസ്യതയ്ക്കോ വില്പനയ്ക്കോ ഇടിവ് സംഭവിച്ചിട്ടില്ല.

| | |
|---|---|
| **(സി)** **അന്യ സംസ്ഥാന ലോട്ടറി വില്പന മാഫിയകൾ ഈ നീക്കത്തിന്റെ പിന്നിലുണ്ടോയെന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ ;** | **(സി)** സംസ്ഥാന ലോട്ടറിയുടെ സമ്മാനാർഹമാകുന്ന നമ്പരുകളുടെ അവസാന അക്കങ്ങളെ അടിസ്ഥാനമാക്കി നടത്തുന്ന എഴുത്ത് ലോട്ടറി സംബന്ധിച്ച് ലഭിച്ച പരാതികൾ തുടർനടപടികൾക്കായി സംസ്ഥാന |

തല മോണിറ്ററിംഗ് സെല്ലിന് കൈമാറുകയും കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരികയും ചെയ്യുന്നു. സംസ്ഥാനത്ത് അന്യ സംസ്ഥാന ലോട്ടറി വില്പന മാഫിയകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സംസ്ഥാനത്തിനകത്തും പുറത്തും സംസ്ഥാന ലോട്ടറിയെ മറ്റേതെങ്കിലും തരത്തിൽ ദുരുപയോഗം ചെയ്യുന്നുണ്ട് എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഇ) മാഫിയകൾ ലോട്ടറി ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനും ലോട്ടറി സംവിധാനം കുറ്റമറ്റതാക്കുന്നതിനും എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

(ഡി) & (ഇ) സംസ്ഥാനത്തിനു പുറത്തേയ്ക്ക് അതിർത്തി ജില്ലകളുടെ ചില ഭാഗത്തുനിന്ന് കേരള ലോട്ടറി അനധികൃതമായി കടത്തി വില്പന നടത്തുന്നുവെന്ന് വിവിധ ലോട്ടറി സംഘടനകൾ ആക്ഷേപം ഉന്നയിച്ചിരുന്നു. എന്നാൽ സംസ്ഥാനത്ത് മാഫിയകൾ ലോട്ടറിയെ ദുരുപയോഗം ചെയ്യുന്ന തരത്തിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒറ്റ നമ്പർ ലോട്ടറികൾ, എഴുത്ത് ലോട്ടറികൾ, നിയമവിരുദ്ധ അന്യസംസ്ഥാന ലോട്ടറികൾ തുടങ്ങിയ ലോട്ടറി ദുരുപയോഗപ്രവണതകൾ ഫലപ്രദമായി തടയുന്നതിനായി സംസ്ഥാനതല മോണിറ്ററിംഗ് സെൽ ADGP (Intelligence) തലവനായും, ജില്ലാതല മോണിറ്ററിംഗ് സെൽ അതാത് ജില്ലാ കളക്ടർ തലവനായും രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന-ജില്ലാതല യോഗങ്ങൾ ചേർന്ന്

സംസ്ഥാനത്താകെ നിയമവിരുദ്ധ ഭാഗ്യക്കുറി വില്പനയ്ക്കെതിരെയും, ലോട്ടറി ചൂതാട്ടംപോലുള്ള പ്രവണതകൾക്കെതിരെയും അന്യ സംസ്ഥാനങ്ങളിലേയ്ക്ക് ലോട്ടറി കടത്തുന്നതിനെതിരെയും നടപടികൾ സ്വീകരിച്ചു വരുന്നു. നാളിതുവരെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഇത്തരത്തിലുള്ള 78 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ ഇപ്രകാരമുള്ള നിയമ വിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനായി ലോട്ടറി വകുപ്പിൽ ഒരു വിജിലൻസ് സെൽ രൂപീകരിക്കുന്ന വിഷയവും പരിഗണനയിലാണ്. നിയമവിരുദ്ധ ലോട്ടറിയുടെ പ്രവർത്തനം തടയുന്നതിന്റെ ഭാഗമായി 2014-ലെ കേരള ധനകാര്യ ബിൽ പ്രകാരം അന്യ സംസ്ഥാന ഭാഗ്യക്കുറികൾക്ക് കേരളത്തിൽ വില്പനാനുമതി ലഭിക്കുന്നതിനായി ഓരോ പ്രമോട്ടറും കേന്ദ്ര ഭാഗ്യക്കുറി നിയന്ത്രണ നിയമം, ചട്ടം എന്നിവ പാലിക്കുന്നത് സംബന്ധിച്ച് ഭാഗ്യക്കുറി ഡയറക്ടർ നൽകുന്ന നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റുകൂടി സമർപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.